"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 2022-23 വർഷത്തെ സ്വരാജ് ട്രോഫി പുരസ്കാര നിർണ്ണയം- മാനദണ്ഡങ്ങളുടെ പരിഷ്കരണം - 'കില' യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1333/2023/LSGD തീയതി, തിരുവനന്തപുരം, 27-06-2023

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.05.2023-ലെ എൽ.എസ്.ജി.ഡി/പി.ഡി/31881/2023-ജി.ഇ.ബി.4 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷത്തെ സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ നൽകുന്നതിനായി മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം പരിഷ്കരിച്ച് നിശ്ചയിക്കേണ്ടതുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡ് നിർണ്ണയിക്കുന്നതിൽ കാലോചിതമായ മാറ്റം കൊണ്ടുവരുന്നതിനും തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവാർഡ് നിർണ്ണയിക്കുന്നതിനുമായി വിഷയ വിദഗ്ധരുടെ നേതൃത്വത്തിൽ ശിൽപ്പശാല സംഘടിപ്പിക്കേണ്ടതുണ്ടെന്നു പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.ഇതിലേയ്ക്കായി **കില**യെ ചുമതലപ്പെടുത്താവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 2022-23 വർഷത്തെ സ്വരാജ് ട്രോഫി പുരസ്കാരം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും മേഖലാടിസ്ഥാനത്തിൽ നൽകേണ്ട പുരസ്കാരങ്ങളുടെ കാര്യത്തിൽ രൂപരേഖ തയ്യാറാക്കുന്നതിനുമായി 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ' (**കില**) യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
Date: 30-06-2023 10:11:00

സെക്ഷൻ ഓഫീസർ